പറഞ്ഞിരിക്കുന്നു. എന്നാൽ അപേക്ഷിക്കാതെതന്നെ അവരുടെ സ്വാതന്ത്ര്യംപോലെ നോക്കുവാൻ അധികാരമുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—ഗവർമ്മെണ്ടനുവാദം കൂടാതെ വേറെ ജോലിക്കുപോകുവാൻ പാടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—അങ്ങിനെ പോയിട്ടുണ്ടെങ്കിൽ ഗവർമ്മെണ്ടു് അതിനെപറ്റി അന്വേഷിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—അനുവാദം കൂടാതെ ആരെങ്കിലും പോകുന്നുണ്ടെന്നും പോയിട്ടുണ്ടെന്നും ഉള്ള സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ തീർച്ചയായും അന്വേഷിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ:—വെളിയനാട്ടു് മങ്ങാട്ടു് പള്ളിക്കൂളിൽ ജോലിനോക്കുന്ന മിസ്റ്റർ ശങ്കുണ്ണി എന്ന ആളെ സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽ ഒരു വാർഡനായി നിയമിച്ചിട്ടുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—എനിക്കറിവില്ല.

Sankunni—Appointed as Warden.

92. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) സംരക്ഷണവകുപ്പിൽ മുളന്തുരുത്തുകാരൻ ശങ്കുണ്ണി എന്നൊരാളെ വാർഡനായി നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടിയാനെ എതെല്ലാം സ്ഥലത്താണു് ജോലിനോക്കുവാൻ നിയമിച്ചിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ:—(എ) ഉണ്ടു്.

(ബി) പൂളിക്കാമലി, ആരാകുന്നം, കാരിക്കോട്ടു്, തലക്കോട്ടു് എന്നീ അധികൃതകാളനികളിൽ.

മിസ്റ്റർ കെ. പി. വള്ളോൻ:—പൂളിക്കാമലി, ആരാകുന്നം, കാരിക്കോട്ടു്, തലക്കോട്ടു് എന്നീ കാരോ അധികൃതകാളനികളും തമ്മിൽ എത്ര അകലം ഉണ്ടെന്നു പറയാമോ?

രാമവർമ്മതമ്പുരാൻ:—അന്വേഷിച്ചു വേണം പറയുവാൻ.

മിസ്റ്റർ കെ. പി. വള്ളോൻ:—എങ്കിലും ഒരു ഉദ്ദേശം പറയാമോ?

രാമവർമ്മതമ്പുരാൻ:—നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—മിസ്റ്റർ ശങ്കുണ്ണി എന്ന ആൾക്കു മങ്ങാട്ടു പള്ളിക്കൂളിൽ ജോലിയുണ്ടോ എന്നു് അന്വേഷിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—അന്വേഷിക്കാം.

Watchers—Forest Department.

93. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) ഫാറസ്റ്റു് ഡിപ്പാർട്ടുമെണ്ടിൽ എത്ര വാച്ചർമാരുണ്ടു്;

(ബി) ഇവരുടെ ഉദ്യോഗം സ്ഥിരമോ അല്ലയോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി ജോലിയിൽ എത്ര കൊല്ലം സർവ്വീസുള്ളവരുണ്ട്?

മിസ്റ്റർ ടി. നാരായണമേനോൻ:— (എ) ൻഫ പേർ.

(ബി) സ്ഥിരമല്ല.

(സി) ഇവരിൽ രണ്ടുമാസം മുതൽ നാല്പതു കൊല്ലം വരെ സർവ്വീസുള്ളവരുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ:— ഇവരെ സ്ഥിരപ്പെടുത്തി മറ്റുള്ള ഉദ്യോഗസ്ഥന്മാരെപോലെ ആക്കുവാൻ വല്ല വിരോധവുമുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— ഈ സംഗതിയെ സംബന്ധിച്ച് രണ്ടോമൂന്നു ഗവർമ്മെണ്ടിലേയ്ക്കെഴുതി അയച്ചിട്ടുണ്ട്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:— ഇവരെ സ്ഥിരപ്പെടുത്തണമെന്നുള്ളതിനു ഈ കൗൺസിലിൽ പല പ്രാവശ്യവും പ്രമേയങ്ങൾ പാസ്സാക്കീട്ടുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— ഉണ്ട്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:— അതിനെ സംബന്ധിച്ചു ഗവർമ്മെണ്ട് എന്തു നടപടിയാണു നടത്തിട്ടുള്ളത്?

മിസ്റ്റർ ടി. നാരായണമേനോൻ:— ഇതിനെപറ്റി ഗവർമ്മെണ്ടിലേയ്ക്ക് ആദ്യം എഴുതിട്ടുണ്ടായിരുന്നു. രണ്ടാമതും അതിലേയ്ക്കുവേണ്ടി ഇപ്പോൾ എഴുതി അയച്ചിട്ടുണ്ട്. ഈ സംഗതി ഇപ്പോഴും ഗവർമ്മെണ്ടിന്റെ ആലോചനയിലിരിക്കുകയാണ്.

മിസ്റ്റർ എം. ഈശ്വരമേനോൻ:— ഈ പ്രമേയങ്ങൾ പാസായതിനുശേഷം വേറെ വല്ല ഡിപ്പാർട്ടുമെണ്ടിലും സ്ഥിരമോ മറ്റോ കൊടുക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— നിശ്ചയമില്ല. അന്വേഷിച്ചു വേണം പറയുവാൻ.

മിസ്റ്റർ പി. കുമാരമെഴുത്തച്ഛൻ:— ഈ ൻഫ പേരിൽ ൨ മാസം സർവ്വീസുള്ളവർ പത്തിനു താഴെയല്ലേ ഉണ്ടാകയുള്ളൂ. അവരുടെ കാര്യം ഈ ക്ഷാമകാലമായതുകൊണ്ട് ആലോചനയിൽ ഇരിക്കുന്നുവെന്നും അവർക്ക് ഇതിനവകാശമുണ്ടെന്നും, എന്നാൽ തല്ക്കാലം കൊടുക്കുവാൻ സാധിക്കുകയില്ലെന്നും പറയുകയുണ്ടായി. ഇതു പല ഉദ്യോഗസ്ഥന്മാരുടേയും ശമ്പളത്തിൽനിന്നു ഒരു വീതം കുറച്ചകാലത്താണോ ഈ മറുപടിയുണ്ടായതു്.

മിസ്റ്റർ ടി. നാരായണമേനോൻ:— ഈ സംഗതി പലപ്പോഴും ഈ കൗൺസിലിൽ വന്നിട്ടുണ്ട്. അതനുസരിച്ച് അവരുടെ കാര്യം ആലോചിക്കുന്നതാണെന്നു ഗവർമ്മെണ്ടിലേയ്ക്ക് എഴുതിയയച്ചിട്ടുണ്ട്. ഇപ്പോൾ ഇതിനെപറ്റി ആലോചിച്ചുവരികയാണ്.

മിസ്റ്റർ പി. കുമാരമെഴുത്തച്ഛൻ:—എന്റെ ചോദ്യം അതല്ല. അവർക്കു സ്ഥിരം ശമ്പളക്കാരാകുവാൻ അവകാശമുണ്ടെന്നു പറയുകയുണ്ടായി. അതു പറഞ്ഞതു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്റെ ഒരു ശതമാനം കുറച്ചു കാലത്താണോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. നാരായണമേനോൻ:— അറിഞ്ഞുകൂടാ. നോട്ടീസു വേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:— ഇതിനു കാരണമായിട്ടു പറയുന്ന ഈ ക്ഷാമകാലത്തു്, ശമ്പളം കുറയ്ക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— റിക്കാർട്ടു നോക്കിവേണം പറയുവാൻ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:— രണ്ടുകൊല്ലത്തിനുമുമ്പു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— ഉവ്വു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:—ആ ശമ്പളം ഇപ്പോൾ കൊടുക്കുന്നുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— ഉവ്വു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—ഇവർ ഗവൺമെണ്ടിലയ്ക്കു സെക്യൂരിറ്റി വച്ചിട്ടുള്ളവരാണോ?

മിസ്റ്റർ ടി. നാരായണമേനോൻ:— വാച്ചർമാക്കു സെക്യൂരിറ്റിയില്ല. ഗാർഡന്മാക്കുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:— ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽനിന്നു കളവുപോകുന്ന ഉരുപ്പടികളെ സംബന്ധിച്ചു വാച്ചർമാക്കു ഗാർഡന്മാരോടൊപ്പം ചുമതലയുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:—ഒപ്പം ചുമതലയില്ല. അതിൽ വാച്ചർമാർ വല്ലതും പങ്കെടുത്തിട്ടുണ്ടെന്നു കണ്ടാൽ മാത്രമേ അവരെ ശിക്ഷിയ്ക്കുകയുള്ളു. മുഖ്യമായ ചുമതല ഗാർഡന്മാക്കാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:— കളവുകൾ പിടിയ്ക്കുവാൻ പോകുന്ന അവസരത്തിൽ വാച്ചർമാക്കു ഗാർഡന്മാരേക്കാൾ കൂടുതൽ അപകടങ്ങൾ പല അവസരങ്ങളിലും വരുന്നുണ്ടെന്നറിയാമോ?

മിസ്റ്റർ ടി. നാരായണമേനോൻ:— അറിവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:— ഗാർഡന്മാരോടൊപ്പമെങ്കിലും അപകടമുണ്ടെന്നറിയാമോ?

മിസ്റ്റർ ടി. നാരായണമേനോൻ:— നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:— വല്ലപ്പോഴെങ്കിലും വല്ല അപകടവും അവർക്കു പറ്റാറുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— പ്രത്യേകിച്ചു് അപകടമൊന്നും പറ്റിയതായിട്ടു് അറിവില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:— 70 കൊല്ലംവരെ സർവ്വീസുള്ളവർക്കു പെൻഷനവകാശമുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— ഇതിൽ പെട്ടവർക്കു പെൻഷനില്ല.

മിസ്റ്റർ കെ. അയ്യപ്പൻ:— ഇവരെയെല്ലാം സ്ഥിരപ്പെടുത്തിയാൽ ഗവൺമെണ്ടിനു് ഉദ്ദേശം എത്ര രൂപ ചിലവുവരും?

മിസ്റ്റർ ടി. നാരായണമേനോൻ:— കണക്കുകൂട്ടി ഇപ്പോൾ പറയുവാൻ സാധിയ്ക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം:— 80 കൊല്ലക്കാരെ സ്ഥിരപ്പെടുത്തുന്ന കൂട്ടത്തു് ബാക്കിയുള്ളവരേയും കൂടി ആ ഘട്ടത്തിൽ വിചാരിയ്ക്കുമോ?

മിസ്റ്റർ ടി. നാരായണമേനോൻ:— എല്ലാവരുടെ കാര്യത്തെപ്പറ്റിയും സർക്കാരിലേയ്ക്കു് എഴുതിട്ടുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം:— ഒരു മാസവും രണ്ടു മാസവും സർവ്വീസുള്ളവർക്കു് നാല്പതു കൊല്ലക്കാരുടെ കൂട്ടത്തിൽ താരതമ്യേന പ്രാധാന്യം കൊടുക്കുമോ?

മിസ്റ്റർ ടി. നാരായണമേനോൻ:— ഇവരെല്ലാപേരുടേയും കാര്യങ്ങൾ ആലോചിച്ചു ചെയ്യേണ്ടതാണെന്നു എഴുതി അയച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ:— ഇവരെ കൂലിക്കാരുടെ നിലയിലാണോ ഗവർമ്മെൻറു വച്ചുകൊണ്ടിരിയ്ക്കുന്നതു്?

മിസ്റ്റർ ടി. നാരായണമേനോൻ:— കൂലിക്കാരുടെ നിലയിലല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ:— പിന്നെ ഇവരുടെ നില യെന്താണു്?

മിസ്റ്റർ ടി. നാരായണമേനോൻ:— സാധാരണ ടെമ്പററി എസ്റ്റാബ്ലിഷ്മെൻറുപോലെയാണു വച്ചിരിയ്ക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:— മലമ്പനി പിടിയ്ക്കാത്ത വാച്ചർമാർ ആരെങ്കിലും ഉണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ:— മലമ്പനി പിടിച്ചിട്ടുള്ളവരാരെങ്കിലും ഉണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— ധാരാളമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ:— അവർക്കു പെൻഷനു് ഈ രൂപം ബാധിയ്ക്കുമോ?

മിസ്റ്റർ ടി. നാരായണമേനോൻ:— ബാധിയ്ക്കയില്ല.

Dr. A. R. Menon:— Did not the Government give an assurance that they would consider the question of giving pension to these people?

Mr. T. Narayana Menon:— Yes; it is still under consideration.

Dr. A. R. Menon:— Will the Government give an assurance that this will receive their earliest attention? This has been pending for the last 5 years and more?

മിസ്റ്റർ ടി. നാരായണമേനോൻ:— ഈ സംഗതിയിൽ പ്രത്യേകിച്ചു് ഒരു അഷ്വറൻസ്സു ചെയ്യാൻ ഇപ്പോൾ തരമില്ല.

Dr. A. R. Menon:— Will you give an assurance that this will receive your earliest attention.

Mr. T. Narayana Menon:— It is already receiving the consideration of the Government.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ:— ഇവക്കു ചില്ലറ അവധി കൊടുക്കുന്ന സമ്പ്രദായമുണ്ടോ?

മിസ്റ്റർ:— ടി. നാരായണമേനോൻ:— ഉണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ:— അവധിയിൽ ഇരിക്കുന്ന കാലത്തു ഇവക്കു ശമ്പളമുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— പകുതി ശമ്പളമുണ്ട്.

മിസ്റ്റർ ടി എ. രാമചന്ദ്രയ്യർ:— ഇവക്കു പകുതി ശമ്പളം കൊടുത്തു് അവധിയിൽ ഇരിക്കുമ്പോൾ പകരം ആളെ വെക്കാവണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— അതിനെപ്പറ്റി ചുമതല എനിക്കില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ:— കീഴ്ജീവനക്കാരുടെ കാര്യം പറയുമ്പോൾ അതിൽ ഗവർമ്മെണ്ടിനെപ്പറ്റി ശ്രദ്ധ പതിയുന്നില്ലെന്നുള്ള വിചാരം ബലപ്പെട്ടിരിക്കുന്ന സംഗതി ഗവർമ്മെണ്ടിനു അറിവുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:—അങ്ങിനെ ഒരു വിചാരമില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ:—വിചാരമില്ലെന്നുള്ളതു് ഇരിക്കട്ടെ. ഇങ്ങിനെ ഒരു വിചാരം ബലപ്പെട്ടുവരുന്നുണ്ടെന്നു ഗവർമ്മെണ്ടിനു് അറിയാമോ?

Promotion in Police Department.

94. മിസ്റ്റർ കെ. പി. വള്ളോൻ— പോലീസ്സ് ഡിപ്പാർട്ടുമെണ്ടിൽ ജോലിനോക്കുന്ന കീഴ്ജീവനക്കാരുടെ സർവ്വീസ് അനുസരിച്ചാണോ പ്രമോഷൻ കൊടുക്കുന്നതു്; അല്ലെങ്കിൽ എങ്ങിനെ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—സർവ്വീസ് അനുസരിച്ചും പ്രാപ്തിഅനുസരിച്ചും പ്രമോഷൻ കൊടുക്കുന്നുണ്ട്. സർവ്വീസ്സിനെതന്നെ അടിസ്ഥാനമാക്കി എല്ലായ്പ്പോഴും പോലീസ് ഡിപ്പാർട്ടുമെണ്ടിൽ പ്രമോഷൻ കൊടുക്കുവാൻ സാധിക്കുന്നതല്ല.

Trichur Sirkar Satram.

95. മിസ്റ്റർ കെ. പി. വള്ളോൻ:— തൃശ്ശിവപേരൂർ സർക്കാർ സത്രത്തിൽ അവർണ്ണർക്കു പ്രവേശനം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

രാമവർമ്മതമ്പുരാൻ:— നിലവിലുള്ള രീതി അനുവദിക്കാത്തതുകൊണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ:—തൃശ്ശിവപേരൂർ സത്രത്തിൽ സവർണ്ണരല്ലാത്ത ആളുകൾ ഇതിനുമുമ്പു താമസിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—മുൻപ്രകാരം താമസിക്കുവാൻ അനുവദിക്കുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ഇതുവരെ എപ്പോഴെങ്കിലും താമസിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly